**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിളാ കിസാൻ ശാക്തീകരണ പരിയോജന വനിതാ ലേബർ ബാങ്ക് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള യന്ത്രങ്ങൾ ബ്ലോക്ക് തല ലേബർ ബാങ്കിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ അംഗീകരിച്ചും വനിതാ ലേബർ ബാങ്ക് അംഗങ്ങളാകാൻ തെരഞ്ഞെടുത്തിട്ടുള്ള തൊഴിലാളികൾക്ക് പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).276/2014/തസ്വഭവ തീയതി,തിരുവനന്തപുരം, 29.01.2014

==========================================================================

**പരാമർശം:**
1. 20.12.2012 ലെ സ.ഉ.(സാധാ)നം.3536/12/തസ്വഭവ നമ്പർ ഉത്തരവ്.
2. 04.02.2013 ലെ സ.ഉ.(സാധാ)നം.303/13/തസ്വഭവ നമ്പർ ഉത്തരവ്.
3. 16.11.2013 ലെ സ.ഉ.(സാധാ)നം.2812/13/തസ്വഭവ നമ്പർ ഉത്തരവ്.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജനയുടെ 12.12.2013 ലെ 1804/കോംപ്റ്റ്/എം.കെ.എസ്.പി./പി.എം.യു/2013(4), 13.12.2013 ലെ 1804/കോംപ്റ്റ്/എം.കെ.എസ്.പി./പി.എം.യു/2013(2) നമ്പർ കത്തുകൾ.

## ഉത്തരവ്

മഹിളാ കിസാൻ ശാക്തീകരണ പരിയോജന പദ്ധതി പ്രകാരം നെൽകൃഷി പുനരുദ്ധാരണത്തിനുള്ള വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് ലെവൽ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തിന്റെ കൈവശമുള്ള കാർഷിക യന്ത്രങ്ങൾ ബ്ലോക്ക് തല ലേബർ ബാങ്കിന് കൈമാറുന്നതിനും വനിതാ ലേബർ ബാങ്ക് അംഗങ്ങളാകാൻ തെരഞ്ഞെടുത്തിട്ടുള്ള തൊഴിലാളികൾക്ക് പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ അംഗീകരിക്കണമെന്നും സൂചന(4)ലെ കത്ത് പ്രകാരം എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

## I. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള യന്ത്രങ്ങൾ ബ്ലോക്ക്തല ലേബർ ബാങ്കിന് കൈമാറുന്നതിനുള്ള നടപടി ക്രമങ്ങൾ

1. കൈമാറാൻ തയ്യാറുള്ള യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണ് എന്ന് ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ സാക്ഷ്യപ്പെടുത്തണം.
2. യന്ത്രങ്ങൾ വാങ്ങിയ ബിൽ ലഭ്യമല്ലായെങ്കിൽ വാങ്ങിയ വർഷം, നിലവിലെ വാങ്ങൽ വില എന്നിവ കണക്കാക്കണം. ഋജുരേഖാ രീതി (Straight Line Method) ഉപയോഗിച്ച് 20% ഡിപ്രീസിയേഷൻ കണക്കാക്കി വില നിർണ്ണയിക്കേണ്ടതാണ്.
3. ഗ്രീൻ ആർമി ലേബർ ബാങ്കിന്റെ പ്രതിനിധി യന്ത്രങ്ങൾ പരിശോധിച്ച് യന്ത്രങ്ങളുടെ തൽസ്ഥിതി വിലയിരുത്തണം. റിപ്പയർ ആവശ്യമാണ് എങ്കിൽ പഞ്ചായത്ത് ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രീൻ ആർമിയെ റിപ്പയർ ചുമതല ഏല്പിക്കുകയും ആയതിനുള്ള ചെലവ് പഞ്ചായത്തുകളുടെ Maintenance Grant-ൽ നിന്ന് ചെലവിടുകയും വേണം.
4. കൊയ്ത്തുമെതി യന്ത്രം/കംബൈൻഡ് ഹാർവെസ്റ്റർ പോലെയുള്ള വലിയ യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നിശ്ചയിക്കുന്നതിന് അതാത് ജില്ലകളിലെ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെ കാർഷിക എഞ്ചിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.
5. ബ്ലോക്ക്തല ലേബർ ബാങ്കിന്റെ പ്രതിനിധികളും ഗ്രീൻ ആർമിയുടെ പ്രതിനിധികളും സംയുക്തമായി യന്ത്രങ്ങൾ ഏറ്റെടുക്കുകയും എന്തെങ്കിലും പ്രശ്നം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് 7 ദിവസത്തിനകം ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുകയും വേണം. ഡിപ്രീസിയേഷൻ കണക്കാക്കി കണ്ടെത്തിയ യന്ത്രങ്ങളുടെ വില ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ പ്രോജക്ട് വിഹിതത്തിൽ ഉൾപ്പെടുത്തണം.

## II. ബ്ലോക്ക്തല ലേബർ ബാങ്കിന് പുതിയ യന്ത്ര സാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച്

1. യന്ത്രങ്ങളുടെ സ്പെസിഫിക്കേഷൻ, ഗുണനിലവാരം, ബ്രാൻഡ് എന്നിവ നിശ്ചയിക്കുന്നതിന് തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലാ പഞ്ചായത്തിലെ അഗ്രി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഗ്രീൻ ആർമി പ്രതിനിധി, തൃശ്ശൂർ കാർഷിക വിജ്ഞാന കേന്ദ്രത്തിലെ അഗ്രികൾച്ചറൽ എഞ്ചിനീയർ അംഗങ്ങളായും പ്രോജക്ടിന്റെ സി.ഇ.ഒ.അംഗങ്ങളായും ഒരു സമിതി രൂപീകരിക്കുക.
2. പ്രസ്തുത സമിതി നിശ്ചയിക്കുന്ന ഗുണനിലവാരമുള്ള യന്ത്രങ്ങൾ RAIDCO/KAMCO എന്നീ സഹകരണ/പൊതു മേഖലാ

സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകുക.

3. ആയതിനാവശ്യമുള്ള തുക പ്രോജക്ട് ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്നതിന് സി.ഇ.ഒ യ്ക്ക് അനുമതി നൽകുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജന നിർവ്വഹണ ഏജൻസി, ഇടിസി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ-680655.
4. ജില്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
5. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
6. ഡയറക്ടർ, ഗ്രീൻ ആർമി ലേബർ ബാങ്ക്, അത്താണി, തൃശ്ശൂർ.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ